(ബി) സർക്കാർ/എയ്ഡഡ് കോളേജുകളിൽ ബിരുദം/പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിൽ പഠിക്കുന്നവരെയും സ്നേഹപൂർവ്വം പദ്ധതി ധനസഹായത്തിന് അർഹരാണ്. ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഭിന്ന ലിംഗക്കാരുടെ പ്രശ്നങ്ങൾ

191 (5544) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്ന ലിംഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നയം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇത്തരക്കാരുടെ ജില്ലതിരിച്ചുള്ള എണ്ണം ലഭ്യമാണോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭിന്ന ലിംഗക്കാരുടെ ക്ഷേമത്തിനായുള്ള നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് വിശദമായി പരിശോധിച്ച് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. എന്നാൽ കേരളത്തിലെ ഭിന്ന ലിംഗക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു സർവ്വേ നടത്തുകയും ആയതിൽനിന്നും സംസ്ഥാനത്തിൽ ആകെ ഏകദേശം നാലായിരത്തോളം ഭിന്നലിംഗക്കാർ ഉള്ളതായി കണക്കെടുക്കുകയും ചെയ്തിട്ടുണ്ട്.

മാതൃകാ അങ്കണവാടികൾ

192 (5545) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാതൃക അംഗൻവാടികൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly